**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നെടുമങ്ങാട് നഗരസഭ - ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി 20 ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.349/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.02.2018

---

പരാമർശം : 1..നെടുമങ്ങാട് നഗരസഭ ചെയർമാൻ സർക്കാരിൽ സമർപ്പിച്ച 03.02.2018 തീയതിയിലെ കത്ത്.

2. നെടുമങ്ങാട് നഗരസഭ കൗൺസിലിന്റെ 06.07.2017 തീയതിയിലെ 2 -ാംനമ്പർ തീരുമാനം.

3. 01.02.2018 തീയതിയിലെ ഇ 7-33196/17 നമ്പറിലെ നഗരകാര്യ ഡയറക്ടറുടെ കത്ത്

**<u>ഉത്തരവ്</u>**

നെടുമങ്ങാട് നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനും ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും 20 ജീവനക്കാരെ 3 മാസക്കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ഒന്നിലെ കത്ത് പ്രകാരം നഗരസഭ ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ പരാമർശം 2 പ്രകാരം നഗരസഭ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുമങ്ങാട് നഗരസഭ കൗൺസിലിന്റെ തീരുമാനം പരിഗണനാർഹമാമെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്കും ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ ഫണ്ടിൽ നിന്ന് വഹിക്കണമെന്ന വ്യവസ്ഥയിലും നെടുമങ്ങാട് നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിക്കുന്നില്ലെങ്കിൽ, കുടുംബശ്രീ മുഖേന ITI/ITC യോഗ്യതയുള്ള 20 പേരെ 3 മാസക്കാലയളവിലേക്ക് താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**റ്റി കെ ജോസ് ഐ എ എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
നഗരസഭാ സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ